ഈ വിവരങ്ങൾ അപഗ്രഥിക്കുന്നതിലൂടെ എത്തിച്ചേരാൻ കഴിയുന്ന നിഗമനങ്ങൾ താഴെക്കുറിക്കുന്നു.

- പ്രാക്തന കേരളത്തിലെ മനുഷ്യജീവിതത്തിൽ അങ്ങാടികൾക്കും അതുവഴിയുണ്ടാകുന്ന വാണിജ്യ സംസ്കാരത്തിനും ശക്തമായ സ്വാധീനമുണ്ടായിരുന്നു.
- വിദ്യാഭ്യാസാവസാനം നടത്തപ്പെടുന്ന പ്രായോഗിക പരീക്ഷകളിൽ അങ്ങാടി ഇടപെടലുകൾക്ക് പ്രാമുഖ്യമുണ്ടായിരുന്നു.
- തുറമുഖ സംസ്കാരവും കപ്പൽ വാണിജ്യ സംസ്കാരവും കേരളത്തിന്റെ വാണിജ്യ സംസ്കാരത്തിൽ പ്രമുഖമായ സ്ഥാനം അലങ്കരിച്ചിരുന്നു.
- പ്രാചീന നാണയവ്യവസ്ഥയെക്കുറിച്ചും അങ്ങാടി വിനിമയത്തിൽ അവയ്ക്കുള്ള പങ്കിനെക്കുറിച്ചും ഭദ്രകാളിപ്പാട്ട് സൂചന നൽകുന്നു.
- അറബികളുമായുള്ള വാണിജ്യബന്ധത്തിന്റെ സൂചനകൾ പോലും ഭദ്രകാളിപ്പാട്ടിലുണ്ട്.

**(Endnotes)**

**കുറിപ്പുകൾ**

1 പത്മനാഭപിള്ള ജി. ശ്രീകണ്ഠേശ്വരം, ശബ്ദതാരാവലി, സാഹിത്യപ്രവർത്തകസഹകരണ സംഘം, എൻ.ബി. എസ്. കോട്ടയം, 2008, പുറം-63.

2 രാജരാജവർമ്മ, ഏ.ആർ, കേരളപാണിനീയം, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം, 2006 ജൂൺ, പുറം 84.

3 ധർമ്മശീലക്കുറുപ്പ് ആശാൻ, (ആവേദകൻ) വലിയവിളവീട്, തോട്ടയ്ക്കാട്, കല്ലമ്പലം, തിരുവനന്തപുരം.

4 വാസുദേവക്കുറുപ്പ് ആശാൻ (ആവേദകൻ) പനവിളവീട്, തോട്ടയ്ക്കാട്, കല്ലമ്പലം, തിരുവനന്തപുരം.

5 ഭാസിരാജ് എസ്., ഡോ. തെക്കൻ കേരളത്തിലെ തോറ്റം പാട്ട്, ഹരിതം ബുക്സ്, കോഴിക്കോട്, 2005,പുറം 123.

6 അതിൽതന്നെ, പുറം - 124.

7 അതിൽതന്നെ, പുറം - 162.

8 അതിൽതന്നെ, പുറം - 209.

9 ശ്രീധരമേനോൻ എ., കേരളചരിത്രം, ഡി.സി. ബുക്സ്, കോട്ടയം, 2007 പുറം-50.

10 വാസുദേവക്കുറുപ്പ് ആശാൻ (ആവേദകൻ) പനവിളവീട്, തോട്ടയ്ക്കാട്, കല്ലമ്പലം, തിരുവനന്തപുരം.



# നരരൂപാദാന സങ്കല്പനം പുരാവൃത്തങ്ങളിലും സാഹിത്യത്തിലും

ഡോ: ഹേമമാലിനി
അസി:പ്രൊഫസർ. മലയാളവിഭാഗം,
സെന്റ് മേരീസ് കോളേജ്, തൃശ്ശൂർ

മനുഷ്യേതരങ്ങളെ മനുഷ്യ രൂപങ്ങളിലൂടെയോ. മനുഷ്യസഹ
ജമായ വികാരങ്ങളിലൂടെയോ മാനുഷികമായ പ്രവൃത്തികളിലൂടെ
യോ, പ്രതിനിധീകരിക്കുന്നതാണ് നരരൂപാദാന സങ്കല്പനം
അഥവാ Anthropomorphism. പുരാതനകാലം മുതലേ എല്ലാ
സംസ്കാരങ്ങളിലേയും കലകളിലും കഥകളിലും ഈ സങ്കല്പത്തെ
ദർശിക്കാം. മനുഷ്യൻ എന്നർത്ഥം വരുന്ന Anthro, രൂപം എന്നർ
ത്ഥത്തിലുള്ള Morphe എന്നീ ഗ്രീക്ക് പദങ്ങളിൽ നിന്നാണ് An-
thropomorphism എന്ന പദത്തിന്റെ നിഷ്പത്തി. ആദി മനുഷ്യൻ
തനിക്കജ്ഞാതമായ പ്രകൃതിയെ ലളിതമായി ഉൾക്കൊള്ളാനായി
അവയ്ക്കു മനുഷ്യരൂപം സങ്കല്പിച്ചതിൽ നിന്നാകണം ഇതു ആരം
ഭിക്കുന്നത്. പിന്നീട് മനുഷ്യരൂപത്തിലുള്ള മൂർത്തികളുടെ രൂപീക
രണം സംഭവിക്കുന്നു. 1700കൾ മുതൽ ഈ പദം ഉപയോഗത്തിലു
ണ്ട്. മനുഷ്യന്റെ സാംസ്കാരിക ചരിത്രാരംഭത്തിലേ ആദി മനുഷ്യൻ
ഗുഹാഭിത്തികളിൽ വരഞ്ഞിട്ട ചിത്രങ്ങളിൽ നിന്ന് ഈ സങ്കല്പ
ത്തിന്റെ ആദി തെളിവുകൾ ലഭിക്കുന്നു. നരവംശശാസ്ത്രജ്ഞർ
ഇത്തരത്തിലുള്ള ചിത്രങ്ങളേയും ശില്പങ്ങളേയും മനുഷ്യമന
സ്സിന്റെ പരിഷ്കൃതിയിലേക്കുള്ള ഗതിമാറ്റങ്ങളുടെ സൂചനയായാണ്
നിരീക്ഷിക്കുന്നത്. ജർമ്മനിയിലെ സിംഹത്തിന്റെ തലയും മനുഷ്യ

ന്റെ ഉടലുമുള്ള Lion Man ശില്പം, ഫ്രാൻസിലെ ട്രയോഡ് ഫ്രെറെസ്
(Trois - Freres caves) ഗുഹാഭിത്തികളിലെ The Saucer എന്ന ചിത്രം
ഇവയെല്ലാം ഈ സങ്കല്പത്തിന്റെ ആദിമാതൃകളാണ്. ആദി മനു
ഷ്യൻ തന്റെ നിരീക്ഷണത്തിലൂടെ കണ്ടെത്തിയതും മൃഗവേട്ടക്കു
മുന്നറിവും മുൻകരുതലും നൽകുന്നതുമായ ചില മൃഗസ്വഭാവങ്ങ
ളുടെ പ്രത്യക്ഷീകരണങ്ങളായി ഈ ചിത്രങ്ങളെയും ശില്പങ്ങ
ളെയും വായിച്ചെടുക്കാം.

പുരാവൃത്തങ്ങളിൽ ഈ പദത്തിന്റെ അർത്ഥ വ്യാപ്തി മനുഷ്യ
പ്രകൃത്തിലുള്ള ദേവതാരൂപങ്ങളുടെ തിരിച്ചറിവോ അതല്ലെങ്കിൽ
അതിമാനുഷരൂപങ്ങളിലെ മനുഷ്യസ്വഭാവങ്ങളുടെ അംഗീകാരമോ
ആണ്. എല്ലാ പുരാണങ്ങളിലും ഇപ്രകാരം മനുഷ്യവടിവിലും പ്രകൃ
തത്തിലുമുള്ള ദേവതാരൂപങ്ങളെക്കുറിച്ചുള്ള പരാമർശങ്ങളും കഥ
കളുമുണ്ട്. ഇവരാകട്ടെ രൂപത്തിൽ മാത്രമല്ല വ്യക്തിസത്തയിലും
മനുഷ്യപ്രകൃതിയെ സ്വാംശീകരിക്കുന്നു. സങ്കീർണ്ണമായ പ്രകൃതി
പ്രതിഭാസങ്ങൾ ചരിത്ര സംഭവങ്ങൾ, സൃഷ്ടി രഹസ്യങ്ങൾ ഇവ
യെല്ലാം വിശദീകരിക്കാനും പുരാണങ്ങളിൽ ഈ സങ്കല്പത്തെ
ഉപയോഗപ്പെടുത്തുന്നതു കാണാം. പുരാവൃത്തങ്ങളിലും പുരാണ
ങ്ങളിലും ഇത്തരം കഥാപാത്രങ്ങൾ മനുഷ്യരെപ്പോലെ പ്രണയി
ക്കുകയും വിവാഹിതരാകുകയും യുദ്ധത്തിലേർപ്പെടുകയും ചെയ്യു
ന്നു. ഹിന്ദു മിഥോളജിയിലും യവന മിഥോളജിയിലും ഇത്തരം സങ്ക
ല്പനങ്ങളുടെ സമൃദ്ധമായ ഉദാഹരണങ്ങളുണ്ട്. സ്നേഹത്തിന്റ,
പ്രണയത്തിന്റെ ദേവനായ വീനസ്, കാമദേവൻ എന്നിങ്ങനെ പല
പ്പോഴും ഇവരിൽ ഓരോ ദേവതയും പ്രത്യേക ചില വിഷയത്തെ,
സങ്കല്പത്തെ പ്രതിനിധീകരിക്കുകയും ചെയ്യുന്നു. മനുഷ്യരെപ്പോ
ലെത്തന്നെ, ദുർബലരും ബലഹീനരും ചപലരുമായി ഇവർ ഇട
പെടുന്നതുകൊണ്ട് ദേഷ്യം, വൈരം, മത്സരബുദ്ധി എന്നിങ്ങനെ
യുള്ള മനുഷ്യസഹജം എന്നു കല്പിക്കപ്പെടുന്ന ഒന്നിൽ നിന്നും
ഇവർക്ക് മാറിനിൽക്കാനുമാകില്ല. ഹൈന്ദ പുരാണങ്ങളിലെ നാരദ
മുനി, ദുർവ്വാസാവ് തുടങ്ങിയവർ ഓർമ്മിക്കപ്പെടുന്നതും ഇത്തരം
വിപരീത സ്വഭാങ്ങളിലൂടെയാണ്. യവന പുരാണങ്ങളിലും സമാന
മായ സന്ദർഭങ്ങളും കഥാപാത്രങ്ങളും ഉണ്ട്. മനുഷ്യനു മാതൃകയാ
ക്കാവുന്ന ഉദാത്ത രൂപങ്ങൾ എന്ന രീതിയിലാണ് യവനപുരാണ
ങ്ങൾ ദേവതകളെ അവതരിപ്പിക്കുന്നത്. അന്നുവരെയുണ്ടായിരുന്ന
മൃഗരൂപത്തിലുള്ള ഈശ്വര സങ്കല്പത്തെ തട്ടിമറിച്ച് രൂപസൗകുമാ



ര്യവും അമാനുഷിക ശക്തികളും തീവ്രവൈകാരികതകളുമെല്ലാം
സമ്മേളിക്കുന്ന ദേവൻമാർ സൃഷ്ടിക്കപ്പെട്ടു. ഈ ദേവന്മാർക്കു മനു
ഷ്യന്റെ ഭാഗധേയങ്ങളെ പരിപൂർണ്ണമായും നിശ്ചയിക്കാനും നിർണ്ണ
യിക്കാനുമാകുമെന്ന വിശ്വാസമാണ് യവന പുരാണങ്ങളുടെ കാതൽ.
സ്വന്തം വിധി സ്വയം നിശ്ചയിക്കാനുള്ള മാനവശ്രമങ്ങളെല്ലാം
നിഷ്ഫലമാക്കിക്കൊണ്ട് ഈ ദേവതകൾ മനുഷ്യനെ നിരന്തരമായി
സ്വാധീനിച്ചുകൊണ്ടിരിക്കും. യവനരുടെ അധിദേവനായ സീയു
സിന്റെ (Zeus)ഇത്തരം അധീശമനോഭാവങ്ങൾക്കെതിരെ പ്രൊമി
ത്യൂസ് നടത്തുന്ന കലാപങ്ങളുടെ പുരാവൃത്തങ്ങൾ നരരൂപാദാന
സങ്കല്പത്തിനു വേറിട്ട മാനങ്ങൾ നൽകുന്നു. വിധിയിലുള്ള ആത്യ
ന്തികമായ വിശ്വാസവും അതിമാനുഷിക ശക്തികൾ നിലനിൽക്കെ
ത്തന്നെ മനുഷ്യമൂല്യങ്ങളോടും മനുഷ്യസഹജമായ ബന്ധങ്ങളോ
ടുമുള്ള സമരസപ്പെടലാണ് യവനദേവതകളെ ഈ സങ്കല്പത്തിന്റെ
ഉദാത്ത മാതൃകകളാക്കി മാറ്റുന്നത്.

പുരാവൃത്തങ്ങളോ ഐതിഹ്യങ്ങളോ നിലനിൽക്കാത്ത ഒരു ജന
തതിയും സംസ്ക്കാരവുമില്ല. ദിവ്യപുരുഷന്മാരുടെ ജീവചരിത്രങ്ങൾ,
അവരുടെ വിശുദ്ധ സ്നേഹത്തിന്റെ വികാരജനകങ്ങളായ കഥകൾ
ഇതൊക്കയാണ് ഐതിഹ്യകഥകളായി മാറുന്നത്. ചരിത്ര പശ്ചാ
ത്തലം, പാരമ്പര്യം, പ്രാദേശികത, അജ്ഞാത കർത്തൃത്വം, അത്ഭു
ത വിവരണം എന്നിവയെല്ലാം ഇവയുടെ അടിസ്ഥാന സ്വാഭവങ്ങ
ളാണ്. ഐതിഹ്യങ്ങളെ നിലനിർത്തുന്നത് അവയുടെ പ്രാദേശിക
ത്വമാണ്. ഏതു ഐതിഹ്യവും ഏതെങ്കിലും ഒരു ദേശത്തിന്റെ
സാംസ്ക്കാരികമോ സാമൂഹികമോ പ്രകൃതി സംബന്ധമോ ആയ
സവിശേഷതകളെ പുരസ്ക്കരിച്ചാണ് നിലകൊള്ളുന്നത്. വ്യക്തി
യിൽ പ്രവർത്തിക്കുന്ന സമൂഹമനസ്സ് കാലാകാലങ്ങളിൽ ഐതി
ഹ്യങ്ങളെ പ്രചരിപ്പിക്കുക മാത്രമല്ല രൂപപ്പെടുത്തുകയും പരിവർത്തി
പ്പിക്കുകയും ചെയ്യുന്നുണ്ട്. മറ്റൊരു രീതിയിൽ പറഞ്ഞാൽ ഒരു
സമൂഹം ചരിത്രത്തെ വാമൊഴിവഴക്കത്തിൽ സൂക്ഷിച്ചവയാണ്
ഐതിഹ്യങ്ങളാകുന്നത്. ദക്ഷിണേന്ത്യയിൽ കഥയും ചരിത്രവും
ഇഴപിരിഞ്ഞുകിടക്കുന്ന ഒരു നീണ്ട കാലമുണ്ട്.തമിഴകത്തെ മഹാ
കാവ്യങ്ങളും, ചരിത്രങ്ങളുമെല്ലാം ഇതിന്റെ സാക്ഷ്യങ്ങളാണ്. നാടു
കാണാനും കച്ചവടം ചെയ്യാനുമെത്തിയവരുടെ ഡയറിക്കുറിപ്പുക
ളിലെ ചരിത്രത്തെ വെല്ലുവിളിച്ചുകൊണ്ട് ഈ പാരമ്പര്യ കഥാചരി
ത്രങ്ങൾ ചരിത്രങ്ങളായി പിടിച്ചുനിന്നു. ഐതിഹ്യങ്ങൾക്കു ചരി

ത്രനിർമ്മിതിയിലെ സാധ്യതയും പ്രായോഗികതയും ചോദ്യം ചെയ്തതു പ്രയോജനവാദികളായ നരവംശ ശാസ്ത്രജ്ഞരാണ്. ചരിത്ര സാമഗ്രികളെകൊണ്ട് സാധൂകരിക്കാത്ത കഥകളുടെ സാരാംശത്തെ ചരിത്രമായി സ്വീകരിക്കുന്നതിനെ ഇവർ വിമർശിക്കുന്നു. തുടർന്നാണ് ഐതിഹ്യങ്ങളെ ചരിത്ര വസ്തുതകൾ എന്നതിൽ നിന്നു മാറി അവയിൽ നിന്നു വായിച്ചെടുക്കാവുന്ന സാമൂഹ്യഘടനകൾക്ക് ചരിത്രത്തിലുള്ള പ്രസക്തിയെക്കുറിച്ച് ചിന്തിക്കുന്നത്. ഏതു ദേശത്തിലും പ്രചരിക്കുന്ന ഇത്തരം ഐതിഹ്യങ്ങൾക്ക് ചില അടിസ്ഥാന ഘടകങ്ങളുടെ സംയോജിതരൂപമാണെന്നു ഈ ചിന്താപദ്ധതിയിലെ അന്വേഷണങ്ങൾ വെളിപ്പെടുത്തുന്നു. കേരളത്തിൽ പ്രചുര പ്രചാരം ലഭിച്ച പുരാവൃത്തങ്ങളിലും പഴങ്കഥകളിലും നരുപാദാനസങ്കല്പനത്തിന്റെ പലവിധമാതൃകകൾ കാണാം. കേവലം പുരാണ ഈശ്വര കഥകളിൽ അവ ഒതുങ്ങുന്നുമില്ല. തന്നേയുമല്ല കൂടുതൽ പ്രാദേശികത്വം അവകാശപ്പെടാവുന്നതു കേരളത്തിലെവിടെയും അല്പസ്വല്പം പ്രാദേശികഭേദങ്ങളോടെ കേട്ടു പരിചയിച്ച യക്ഷികഥകൾക്കാണ്. അജ്ഞാത ലോകത്തിലെ അമാനുഷികശക്തികളുള്ള ഇവർ കേരള ഗ്രാമങ്ങളിലെല്ലാം മുറുക്കിചുവപ്പിച്ച ചുണ്ടുകളും നീണ്ട മുടിയുമുള്ള സുന്ദരികളായി പാലപ്പൂവിന്റെ സുഗന്ധവുമായി അലഞ്ഞു നടന്നിട്ടുണ്ട്. കടമറ്റത്തു കത്തനാരോ മാന്ത്രിക പ്രസിദ്ധിയുള്ള ഏതെങ്കിലും നമ്പൂതിരിമാരോ കാലാകാലത്തിൽ ഇവരെ നെറുകയിൽ ആണിയടിച്ച് മനുഷ്യ സ്ത്രീകളാക്കി ഭൃത്യരോ ദാസികളോ ആക്കി മാറ്റുന്നു. ഏതെങ്കിലും സന്ദർഭത്തിൽ മുടി കോതികൊടുക്കുന്ന ആരെങ്കിലും നെറുകയിലെ ആണി ഊരിയെടുക്കുമ്പോൾ വീണ്ടും യക്ഷിയായി രൂപമാറ്റം. മാന്ത്രികൻ വീണ്ടും യക്ഷിയെ നിയന്ത്രിച്ച് പാലമരച്ചോട്ടിലോ മറ്റോ കുടിയിരുത്തി ക്രമേണ യക്ഷി ആരാധനാമൂർത്തിയായി മാറുന്നതാണ് ഇത്തരത്തിലുള്ള എല്ലാകഥകളുടെയും പരിസമാപ്തി. പല സ്ഥലനാമങ്ങളുടെയും വേരുകൾ അന്വേഷിച്ചു ചെന്നാൽ ഇത്തരം കഥകളിലായിരിക്കും എത്തിച്ചേരുക. മറ്റൊരു തരത്തിൽ ചിന്തിച്ചാൽ വാമൊഴിയായി കൈമാറുന്ന നാട്ടുപുരാവൃത്തങ്ങൾക്കു ഒരു നാട്ടിൽ സ്ഥലനാമങ്ങളിലൂടെ, യുക്തികൊണ്ട് ചോദ്യം ചെയ്യാനാകാത്ത ആധികാരികത നൽകുന്നതുമാണ്. കഥ ചമയ്ക്കാനും കഥ കേൾക്കാനും താല്പര്യമുള്ള ഒരു ജനതയുടെ പ്രാദേശികത്വം നിറം കലർത്തിയ ഭാവനാസൃഷ്ടികളാണ് ഇവയെല്ലാം. ഓരോ കരയ്ക്കും/ഗ്രാമത്തിനും



സ്വന്തമായി ചുണ്ണാമ്പു ചോദിച്ച് രൂപലാവണ്യംകൊണ്ട് യുവാക്കളെ വഴിതെറ്റിച്ച് കൊണ്ടു പോയി ചോരയും നീരും ഊറ്റിക്കുടിക്കുന്ന യക്ഷികളുണ്ട്. വ്ളാഡിമാർ പ്രോപ്പ് റഷ്യൻ നാടോടിക്കഥകളെ അപഗ്രഥിച്ചുകൊണ്ട് അവതരിപ്പിച്ച സ്ഥിരരാശികളായും ചരരാശികളായും ഈ ഘടകങ്ങളെ മനസ്സിലാക്കാം. അമാനുഷ ശക്തിയുള്ള യക്ഷി മനുഷ്യരൂപത്തിലാകുക, തരുണരെ കൊലപ്പെടുത്തുക ഇവയെല്ലാം പ്രോപ്പ് കല്പിക്കുന്ന സ്ഥിരരാശികളാണ്. ഇവയെ നിയന്ത്രിക്കുന്നതും സ്വതന്ത്രരുമാക്കുന്നതുമായ രീതികൾ ചരരാശികളും. ചരരാഗികളും സ്ഥിരരാശികളുമായി അഗപഗ്രഥിക്കാവുന്ന ഐതിഹ്യങ്ങളെല്ലാം ചില സമാനപാഠങ്ങളാണ് മുന്നോട്ടു വയ്ക്കുക, എന്നാണ് പ്രോപ്പിന്റെ പഠനങ്ങൾ പറയുന്നത്. ശാസ്ത്രീയ യുക്തികൾ കൊണ്ട് വിവേചനം നടത്താതെ തലമുറകളിലൂടെ സാംസ്കാരികബോധധാരയിൽ ഒരു ജനത പുരാവൃത്തങ്ങളെ സ്വാംശീകരിച്ച് സ്വീകരിക്കുന്ന രീതിയാണ് ഇവയിൽ ദർശിക്കാനാകുക. ആര് എങ്ങനെ യക്ഷിയാകുന്നു എന്നും ഈ പുരാവൃത്തങ്ങൾ വിശദീകരിക്കുന്നുണ്ട്. സ്ത്രീയുടെ പൂർത്തികരിക്കാത്തതോ മുറിവേറ്റതോ ആയ വൈകാരിക അഭിവാഞ്ഛകളുടെ പൂർവ്വചരിത്രങ്ങളായിരിക്കും ഓരോ യക്ഷിക്കഥക്കും പിന്നിലുള്ളത്. ആഗ്രഹപൂർത്തീകരണത്തിനായി വിധ്വംസകമാകുന്ന ചെയ്തികളെ അടക്കം ചെയ്ത് കുടിയിരുത്തി സാത്വികമാക്കുന്ന ഒരു രീതിയാണ് യക്ഷി പുരാവൃത്തങ്ങൾ സംവദിക്കുന്നത്.

കേരളത്തിൽ ഭഗവതി ക്ഷേത്രങ്ങൾക്കു ഏറെ പ്രാധാന്യമുണ്ട്. ഓരോ ഗ്രാമത്തിലും ആ ഗ്രാമത്തിന്റെ മുഴുവൻ കാവലാളായി ഒരു ഭഗവതിയും കാവും ഉണ്ടായിരിക്കും. ഈ ഭഗവതിമാരെക്കുറിച്ചുള്ള ഐതിഹ്യങ്ങളിലെമ്പാടും നരരൂപാദാനത്തിന്റെ ചരിത്രങ്ങൾ ചിതറിക്കിടക്കുന്നതു കാണാം. തൊട്ടടുത്ത ഗ്രാമങ്ങളിലെ കാവിൽ ഭഗവതിമാർ തമ്മിലുള്ള ചാർച്ചകൾ, സൗന്ദര്യപ്പിണക്കങ്ങൾ, തങ്ങളുടെ ആരാധനാ നിവേദ്യങ്ങൾ എന്നിവയെക്കുറിച്ചുള്ള ശാഠ്യങ്ങൾ എന്നിങ്ങനെ ഇവരിൽ ഒട്ടേറെ മനുഷ്യസ്വഭാവങ്ങളുണ്ടാകുന്നത്, ആ ദേശങ്ങളിലെ ദേവപ്രതിഷ്ഠകളെക്കൂടി ഉൾപ്പെടുത്തുമ്പോൾ ആ ബന്ധങ്ങൾക്കു പ്രാധാന്യവും ആധികാരിതയും ലഭിക്കുന്നു. ഇങ്ങനെ ഈശ്വരനെ ആരാധിക്കുവാൻ ഈശ്വരനു സ്വന്തം രൂപം നൽകിയ മനുഷ്യൻ സമൂഹജീവിതത്തിന്റെ ബന്ധങ്ങളുടെ നിലനിൽപിനു ഈശ്വര സങ്കല്പങ്ങളിൽ മനുഷ്യസ്വഭാവങ്ങൾ നൽകി. ഈശ്വര

ന്മാർ തമ്മിലുള്ള ഇത്തരം മത്സരകഥകൾ എല്ലാ നാട്ടിലുമുണ്ട്. അമ്പലപ്പുഴത്തേവരും ഗുരുവായൂരപ്പനും തമ്മിൽ, വൈക്കത്തപ്പനും ഏറ്റുമാനൂരപ്പനും തമ്മിൽ, ശബരിമല ശാസ്താവും ആറന്മുളത്തേവരും തമ്മിൽ എല്ലാം ഉള്ള സൗന്ദര്യപ്പിണക്കങ്ങളുടെ കഥകൾ ഐതിഹ്യമാലയിൽ വിവരിക്കുന്നുണ്ട്. ടിപ്പുവിന്റെ പടയോട്ടത്തിനിടയിൽ വിഗ്രഹസംരക്ഷണത്തിനായി ദേശം മാറിയുള്ള പ്രതിഷ്ഠയും ഇളക്കി പ്രതിഷ്ഠയും നടന്ന ഒരു കാലത്ത് ഒരു ജനത യുദ്ധ ഭീഷണികളിൽ അനുഭവിച്ച അരക്ഷിതത്വത്തിന്റെ പ്രതിഫലനങ്ങളാണ് ഈ ഐതിഹ്യകഥകളിൽ കാണാനാകുക. രാഷ്ട്രീയവും മതപരവുമായ അവ്യവസ്ഥകൾ നിലനിൽക്കുന്ന, നാട്ടുരാജാക്കന്മാർ തമ്മിലുള്ള നിരന്തര സമരങ്ങൾ കലുഷിതമാക്കിയ ഒരു കാലത്തിൽ ജനങ്ങൾ അനുഭവിച്ച അവ്യവസ്ഥിതത്വത്തിൽ ഈശ്വരന്മാരെക്കൂടി പ്രതിചേർത്ത ഭാവനകളാണ് ഇത്തരം പുരാവൃത്ത സൃഷ്ടികൾ നടത്തുന്നത്. ഇവയെല്ലാം വെറും കഥകളായി മാത്രം ഒതുങ്ങി നിൽക്കുന്നുമില്ല. നാടിന്റെ ഉത്സവങ്ങളിൽ, കഥകളിലെ ചാർച്ചയും ചാർച്ചക്കുറവും ചടങ്ങുകളോ ആചാരങ്ങളോ ആയി മാറുന്നു. എല്ലാവരും സംബന്ധിക്കുന്ന ചില ഉത്സവങ്ങളിൽ ചില ദേവതകളോ ദേവതയുടെ ദേശക്കാരോ സംബന്ധിക്കാതിരിക്കുക, ഉത്സവങ്ങളോടനുബന്ധിച്ചുള്ള ഊട്ടുകളിൽ നിന്നോ നൈവേദ്യങ്ങളിൽ നിന്നോ മാറി നിൽക്കുക എന്നിങ്ങനെ ഇന്നും പലതും ആചാരങ്ങളായി തുടർന്നു വരുന്നു. ശാസ്ത്രയുഗത്തിലും സൈബർകാലത്തെ പ്രതീതിയാഥാർത്ഥ്യങ്ങളുടെ കാലത്തും ഇത്തരം ആഘോഷാചാരങ്ങളിൽ അഭിരമിക്കുന്ന മനുഷ്യൻ തങ്ങളുടെ പൈതൃകത്തിന്റെ, സ്വത്വത്തിന്റെ ആർജ്ജിത സാംസ്കാരിക അടരുകളെ യുക്തികൊണ്ട് ചോദ്യം ചെയ്യാതെ സ്വീകരിക്കുന്ന രീതികളെയും അവന്റെ ആദി ചോദനകളുടെ നീക്കിയിരിപ്പുകളെയും ഓർമ്മപ്പെടുത്തുന്നു.

## നരരൂപദാനസങ്കല്പനം സാഹിത്യത്തിൽ

ഏതു ഭാഷയിലും കഥപറച്ചിലിന്റെയും കേൾവിയുടെയും ചരിത്രസൂചി വന്നു നിൽക്കുന്നത് ബാലസാഹിത്യങ്ങളിലായിരിക്കും. ബാലകൗതുകങ്ങളുടെ ചോദ്യങ്ങൾക്കു മറുപടികളും വിവരണങ്ങളും നൽകേണ്ടിവന്നപ്പോൾത്തന്നെയായിരിക്കും ഭാവനയുടെ സ്വതന്ത്രാകാശങ്ങൾ രൂപപ്പെട്ടത്. പഞ്ചതന്ത്രം, ഈസോപ്പുകഥകൾ, കഥാസരിത്സാഗരം, ജാതകകഥകൾ എന്നിവയിലെല്ലാം പ്രത്യക്ഷീ



കരിക്കുന്ന അത്ഭുതലോകങ്ങളുടെ അതിരുകൾ അനിർണ്ണീതമാണ്. ജീവിതത്തിന്റെ സമസ്ത മേഖലകളേയും സ്പർശിക്കുന്ന ഈ കഥകളിൽ കൗതുക ഭാവനകളും അത്ഭുതകല്പനകളും ജീവിത വൈചിത്ര്യങ്ങളും ആവിഷ്ക്കരിക്കുന്നതിനായി മനുഷ്യരോടൊപ്പം മനുഷ്യരെപ്പോലെത്തന്നെ പെരുമാറുന്ന പക്ഷിമൃഗാദികളും വൃക്ഷലതാദികളും യക്ഷകിന്നരരും, സാലഭഞ്ജികകളും പ്രത്യക്ഷപ്പെട്ടു. അങ്ങനെ തുടർന്നും ബാലസാഹിത്യത്തിൽ എവിടേയും ഏതു കാലത്തും ഒഴിവാക്കാനാകാത്ത ഒരു ഘടകമായി നരരൂപാദാനസങ്കല്പനം വേരുറച്ചു. കാലങ്ങളിലൂടെ ബാലകഥകൾക്കു മാറ്റം വരാതെ തുടരുന്ന ഈ പ്രവണതയ്ക്കുദാഹരണമാണ്. Alice Adventures in Wonder land (1865) The Jungle Book (1894) The wind in the willows (1905) Winnie the Pooh (1926) Animal Farm (1945) The Duncton Chronicles (1986) തുടങ്ങിയ വിശ്വപ്രസിദ്ധ രചനകൾ മലയാളത്തിലും മാലി മുതൽ പ്രിയ എ.എസ്. വരെയുള്ളവരുടെ ബാലകഥകളും ഇങ്ങനെയൊരു അത്ഭുതലോകം തന്നെയാണ് തുറന്നിടുന്നത്. ബാലകഥകൾക്കപ്പുറം പല എഴുത്തുകാരും ഈ സങ്കല്പനത്തെ സർഗ്ഗാത്മകതയോട് ചേർത്തുവച്ചിട്ടുണ്ട്. പൂത്തമരച്ചോട്ടിൽ ഒളിനെയ്യുന്ന പെൺകൊടിയായും അമ്മ മനസ്സോടെ ഉണ്ണിയെത്തേടി തുടിയുടെ ഹൃദയമിടിപ്പും കുഴലിന്റെ തേങ്ങലുമായി വീടുകൾ തെണ്ടുന്ന പാവത്താനുമായും രൂപം മാറുന്ന പൂതവും, അയൽപക്കത്തെ മനയ്ക്കലെ കുഞ്ഞാത്തോലിനെ ഓർമ്മിപ്പിക്കുന്ന രൂപത്തിൽ കൊത്താങ്കല്ല് കളിക്കാൻ കൂടി കുട്ടിയുടെ വീട്ടിൽ ചെറിയ ചെറിയ ഭൂകമ്പങ്ങളുണ്ടാക്കുന്ന യക്ഷിയേയും സ്വീകരിക്കുകയും ആസ്വദിക്കുകയും മാത്രമല്ല അവയുടെ ആഖ്യാനങ്ങളേയും പാഠങ്ങളേയും പല രീതിയിൽ വ്യാഖ്യാനിക്കുകയും അപനിർമ്മിക്കുകയും നവവായനകൾ സാധ്യമാക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. നന്ദനം, ആമേൻ തുടങ്ങിയ നവ സിനിമകളിൽ ഇതേ സങ്കല്പനം ആഖ്യാനതന്ത്രമായി ഉപയോഗിക്കുന്നുണ്ട്.

സാമൂഹ്യ ജീവിതത്തിലെ സാംസ്കാരിക പാഠങ്ങളുടെ അലിഖിത അന്തർധാരയായി ജനബോധങ്ങളിൽ ഒന്നായി നരരൂപാദാനം എന്ന പ്രക്രിയ ഓരോ ജനവിതാനത്തിലും ഉണർന്ന് നിൽക്കുന്നതായി കാണാം. ബോധധാരയിൽ മൂന്നുകാലവും ഒന്നായി കലങ്ങിമറിയുന്നതുപോലെ അതു ചിലപ്പോൾ വർത്തമാനകാല സൂചനകൾക്കും അടയാളങ്ങൾക്കും വഴങ്ങാതെ നിൽക്കും. ചരിത്ര ഘട്ട

ങ്ങളെ കൃത്യമായി പ്രതിനിധാനം ചെയ്യാതിരിക്കുമ്പോഴും ഈ സങ്കല്പനങ്ങൾക്കു പിതൃസ്ഥലിയോ മാതൃസ്ഥലിയോ ഉണ്ട്. ഈ ഇടം കൃത്യമായ ഒരു ഭൂപ്രദേശമല്ല. എന്നാൽ എല്ലാ ഭൂ പ്രദേശത്തും ഈ ഇടമുണ്ട്. അടയാളങ്ങൾക്കും ചിഹ്നങ്ങൾക്കും അനുഭൂതിസാന്ദ്രമായ ഭാവ പശ്ചാത്തലവും ഉണ്ടെങ്കിലും മനുഷ്യസഹജമായ, കൃത്യമായ ഒരു സ്ഥിതി വിവരക്കണക്കുകളുടെ പിൻബലം ഈ പ്രക്രിയക്കില്ല. എങ്കിലും അതു മനുഷ്യബോധത്തിന്റെ മൂന്നു കാലങ്ങളിലും മേയുന്ന ഒരു സാംസ്കാരിക സ്വത്വഗിരിമയായി ചരിത്രത്തിൽ നില കൊള്ളുന്നു.

**റഫറൻസ്:-**

പുരാവൃത്ത പഠനം - എം.വി. വിഷ്ണു നമ്പൂതിരി
മിത്തും സമൂഹവും - രാഘവ വാരിയർ, രാജൻ ഗുരുക്കൾ
അമ്മവഴിക്കേരളം - എം.ആർ. രാഘവ വാരിയർ
ഐതിഹ്യമാല - കൊട്ടാരത്തിൽ ശങ്കുണ്ണി